(*a*) whether Government have any schemes ready for the development of our cottage industries other than coir; and

(*b*) whether Government are aware that constitution of a committee would help to suggest ways and means for the propagation of rural industries?

ശ്രീ. എൻ. കുഞ്ഞുരാമൻ : കുടിൽ വ്യവസായങ്ങളെ സംബന്ധിച്ച് അവ എങ്ങിനെയാണ് പുനഃസംഘടിപ്പിക്കേണ്ടതു് എന്നുള്ളതിനെപ്പറ്റി ഒരു സ്കീം തയാറാക്കുന്നതിനു ഒരു ബോർഡിനെ നിയമിച്ചിട്ടുണ്ടു്. അതിന്റെ പ്രസിഡണ്ടു് മി. പി. ജെ. തോമസ്സാണു്. മെമ്പർമാർ മി. അച്ചുതമേനോൻ, മി. ടി. കെ. കുഞ്ഞയ്യപ്പൻ, എന്നിവരാണു്. പരസ്പരസഹായസംഘം റജിസ്ട്രാരാണു് ഇതിന്റെ കൺവീനർ. അങ്ങിനെ അവരുടെ റിപ്പോർട്ട് കിട്ടിയതിനു ശേഷമേ സ്കീം എന്താണെന്നു പറയുവാൻ സാദ്ധ്യമുള്ളു.

ശ്രീ. കെ. രാമചന്ദ്രൻ : റിപ്പോർട്ട ചെയ്യുന്നതിനുള്ള കാലാവധി ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : കാലാവധി ക്ലിപ്തപ്പെടുത്തിയിട്ടില്ല.

ശ്രീ. കെ. രാമചന്ദ്രൻ : ഇന്നസമയത്തിനുള്ളിൽ റിപ്പോർട്ട സമർപ്പിക്കണമെന്നു് ഒരു കാലാവധി നിശ്ചയിക്കുന്നതിനു് ഗവണ്മെന്റു് വിചാരിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : കാലാവധി നിശ്ചയിക്കുന്നതിനു് വിരോധമില്ല.

ശ്രീ. എം. ഐ. പോൾ : ഈ കമ്മിറ്റി രൂപീകരിച്ചിട്ടു് എത്ര നാളായി?

ശ്രീ. എൻ. കുഞ്ഞുരാമൻ : മൂന്നാഴ്ചയായി.

ശ്രീ. എ. കെ. പാച്ചുപിള്ള : റിപ്പോർട്ടിനു് താമസമുണ്ടെങ്കിൽ അവരിൽനിന്നു് ഒരു ഇൻറെറിം റിപ്പോർട്ട വരുത്തുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : വരുത്താം.

ശ്രീ. കെ. പി. നീലകണ്ഠപിള്ള : ഉത്തരവാദിത്വമുള്ള ആളുകളെ ഒരു കമ്മിറ്റിയിലേക്കു നിയമിക്കുമ്പോൾ ഒരു ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചാണു് കമ്മിറ്റിയെ വയ്ക്കുന്നതെന്നു് ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതു് ഞാനിവിടെ പറഞ്ഞുകഴിഞ്ഞു. ഇപ്പോഴുള്ള കുടിൽ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, പുതിയ കുടിൽ വ്യവസായങ്ങൾ അസംസ്കൃതസാധനങ്ങളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം ഇവിടെ നടത്തുവാൻ സാധിക്കും, ഇവയെപ്പറ്റി ഒരു സ്കീം റിപ്പോർട്ട ചെയ്യുവാനാണു് കമ്മിറ്റിയോടാവശ്യപ്പെട്ടിരിക്കുന്നതു്.

ശ്രീ. ജോസഫ് മാത്തൻ : ഈ വിവരങ്ങളെല്ലാം യൂണിയനിൽ മുഴുവൻ യാത്രചെയ്തു ശേഖരിക്കണമെന്നു് ഗവണ്മെൻറു് കമ്മിറ്റിക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : യൂണിയനിൽ ഇഷ്ടമുള്ള സ്ഥലത്തൊക്കെ യാത്രചെയ്യുന്നതിനു് അവക്കു് അവകാശമുള്ളതാണു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : വ്യവസായ വിദഗ്ദ്ധന്മാരായ കുറെ ആളുകളെ ഇൻഡ്യാഗവണ്മെൻറ് പഠിശീലനം കഴിപ്പിച്ചു് ഓരോ സ്റ്റേറുകളിലും അയക്കുന്നതായി ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അറിയാം. ഈ ഗവണ്മെൻറും അതിനു് എഴുതിയിട്ടുണ്ടു്. അതിനെ സംബന്ധിച്ചുള്ള വിവരം ശേഖരിക്കുവാൻ പി. ജെ. തോമസ് കമ്മിറ്റിയോടാവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള : ഇതിലേക്കു് എന്തു ചിലവു് അനുവദിച്ചിട്ടുണ്ടു്.

ശ്രീ. എൻ. കുഞ്ഞുരാമൻ: കുടിൽ വ്യവസായോദ്ധാരണത്തിനായി രണ്ടുലക്ഷം ഉറുപ്പിക അനുവദിച്ചിട്ടുണ്ടു്.

RECRUITMENT OF TEACHERS

***901. [17] Sri. N. P. Varghese :** Will the Hon'ble the Chief Minister be pleased to state.—

(*a*) whether Government are aware that many vacancies in primary schools are yet to be filled up;

(*b*) are Government aware that many women T. T. C. holders who have applied to the Public Service Commission have not yet been selected or posted, and

LIBRARY ARCHIVES Kerala Legislative Assembly

(c) why are the women applicants overlooked in the matter of selection as teachers?

Sri. T. K. Narayana Pillai:

(a) Yes.

(b) Yes.

(c) Claims of women candidates are not overlooked in the matter of selection.

ശ്രീ. എൻ. പി. വട്ടിസ്: എത്ര പ്രൈമറി സ്കൂളുകളിൽ ടീച്ചേഴ്സിന്റെ വേക്കൻസികൾ ഇപ്പോൾ ഉണ്ടെന്നു് ഗവണ്മെന്റിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ സൂക്ഷ്മമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എൻ. പി. വട്ടിസ്സ്: ആയിരക്കണക്കിനു് വേക്കൻസികൾ ഉണ്ടെന്നു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആയിരക്കണക്കിനു് ഇല്ല.

ശ്രീ. എൻ. പി. വട്ടിസ്സ്: വേക്കൻസി ഉള്ള സ്കൂളുകളിൽ നിയമനങ്ങൾ നടത്താത്തതുകൊണ്ടു് വളരെ വിഷമമുണ്ടെന്നു് ഗവണ്മെന്റിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വേക്കൻസി ഉള്ളിടിക്കിൽ കുറെ വിഷമമുണ്ടാകുമെന്നറിയാം.

ശ്രീ. ഈപ്പൻ അറയ്ക്കൽ: നിയമനം നടത്തുന്നതിനു് എന്താണു് ഇത്ര താമസം നേരിടുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: വേക്കൻസി ഉള്ള ടിക്കുകളിൽ നിയമനം നടത്തിവരികയാണു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇത്രയും താമസത്തിനുള്ള കാരണം എന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: താമസമില്ല. നിയമനം നടന്നുകൊണ്ടിരിക്കയാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: അപേക്ഷകളില്ലാത്തതുകൊണ്ടാണോ നിയമനം നടത്തുന്നതിനു് താമസിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. അപേക്ഷകൾ വളരെയുണ്ടു്.

SUSPENDED OFFICERS

***902.** [18] **Sri. N. P. Varghese:** Will the Hon'ble the Chief Minister be pleased to state whether charges have been framed and enquiry started about the officers recently suspended by Government?

Sri. T. K. Narayana Pillai: In some cases charges have already been framed; in several cases necessary steps are being taken to frame the charges.

ശ്രീ. എൻ. പി. വട്ടിസ്സ്: സസ്പെൻഡ ചെയ്തിട്ടു് എത്രകാലമായി?

ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം മൂന്നുമാസമായി.

Sri. N. P. Varghese: May I know how long are they to be kept suspended like this?

Sri. T. K. Narayana Pillai: They are to be kept so. The necessary charge sheets are being framed.

ശ്രീ. എ. കെ. പാച്ചുപിള്ള: മി. ഹരിഹിരന്റെ പേരിലുള്ള ചാർജ്ജുഷീറ്റു് തയ്യാറാക്കികഴിഞ്ഞോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചാർജ്ജു ഷീറ്റു് തയ്യാറാക്കികഴിഞ്ഞു.

ശ്രീ. എ. കെ. പാച്ചുപിള്ള: അതു് കോടതിയിൽ കൊടുത്തോ?

ശ്രീ. ടി. കെ. നാരായണപിള്ള: കോടതിയിൽ ഉടനെ കൊടുക്കുന്നതാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അവർ നിരപരാധികളാണെന്നു് കോടതിയിൽ വിധിക്കുന്നപക്ഷം, അവരുടെ സസ്പെൻഷൻ കാൻസൽ ചെയ്യാൽ അവർ വെറുതെ ഇരുന്ന കാലത്തേക്കു് ശമ്പളം കൊടുക്കേണ്ടിവരികയില്ലേ?

ശ്രീ ടി. കെ. നാരായണപിള്ള: അതു ഒരു ഹൈപ്പോത്തറിക്കൽ ക്വസ്റ്റ്യനാണു്.

Sri. N. P. Varghese: Are the Government aware of frustration in the minds of officials on account of their having been put on suspension for long?

Sri. T. K. Narayana Pillai: The sense of frustration and despair referred to will be varying with individuals.

LIBRARY ARCHIVES Kerala Legislative Assembly